©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, തിങ്കൾ
Thiruvananthapuram, Monday

2026 സെപ്റ്റംബർ 14
14th September 2026
1202 ചിങ്ങം 29
29th Chingam 1202
1948 ഭാദ്രം 23
23rd Bhadra 1948

നമ്പർ
No. 2481

ഫോറം നം 4

ചട്ടം 11(3) കാണുക

വിജ്ഞാപനം

DCPKD/2680/2018-C4 തീയതി - 11/09/2026

കേരള സർക്കാരിന്റെ 25/04/2018 തീയതിയിലെ ജി.ഒ.(ആർടി) നം. 1500/2018/ആർ ഡി, 13/06/2025 തീയതിയിലെ ജി.ഒ.(ആർടി) നം. 1419/2025/ആർ ഡി, 31/08/2026 തീയതിയിലെ ജി.ഒ.(ആർടി) നം. 1684/2026/ആർ ഡി ഉത്തരവുകൾ പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) പ്രകാരം ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് കണ്ണംകണ്ട് കൊടിയംകുന്ന് പാതയിൽ കണ്ണംകണ്ട് കടവ് പാലത്തിന്റെ നിർമ്മാണത്തിനായി പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ അലനല്ലൂർ 2, അലനല്ലൂർ 3 വില്ലേജുകളിലായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനാലും,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (2013 ലെ കേന്ദ്ര ആക്ട് നമ്പർ 30) വകുപ്പ് 4, ഉപവകുപ്പ് 1 ലെ വ്യവസ്ഥകൾക്കനുസൃതമായി ജില്ലാകളക്ടർ താഴെ പട്ടികയിൽ പറയുന്ന സ്ഥലത്ത് ഒരു സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നതിനാൽ, ഇപ്പോൾ തന്മൂലം 06/10/2025 തീയതിയിലെ സ.ഉ.(കൈ)നം. 296/2025 ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരമുള്ള സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റായ കേരള വോളന്ററി ഹെൽത്ത് സർവീസസ്, കളക്ടേറ്റ് പി.ഒ., മുള്ളൻകുഴി, കോട്ടയം , 686002 എന്ന സ്ഥാപനത്തെ നിയമം അനുശാസിക്കുന്ന രീതിയിലുള്ള സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനും, സാമൂഹ്യപ്രത്യാഘാത നിർവഹണ പദ്ധതി തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയിരിക്കുന്നു. ഈ പ്രക്രിയ 45 ദിവസത്തിനകം തീർക്കേണ്ടതാണ്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

ജില്ല – പാലക്കാട്  താലൂക്ക് – മണ്ണാർക്കാട്  വില്ലേജ് – അലനല്ലൂർ 2, അലനല്ലൂർ 3

| ക്രമ നമ്പർ | വില്ലേജ് | ദേശം | റീ സർവ്വേ നമ്പർ | ഡിജിറ്റൽ സർവ്വേ നമ്പർ | ഭൂമിയുടെ തരം |
|---|---|---|---|---|---|
| 1 | അലനല്ലൂർ – 2 | പാലക്കാഴി | 122/2 | 65/73 | അസ്ഥിരം പുഞ്ച |
| 2 | അലനല്ലൂർ – 2 | പാലക്കാഴി | 108/1 | 65/239 | അസ്ഥിരം പുഞ്ച |
| 3 | അലനല്ലൂർ – 3 | എടത്തനാട്ടുകര | 635/2 | | നഞ്ച – 2 |
| 4 | അലനല്ലൂർ – 3 | എടത്തനാട്ടുകര | 636/4 | | നഞ്ച – 2 |
| 5 | അലനല്ലൂർ – 3 | എടത്തനാട്ടുകര | 637/2 | | നഞ്ച – 2 |
| ആകെ വിസ്തീർണ്ണം | | | | | 0.1192 ഹെക്ടർ |

ഒപ്പ്/-

ജില്ലാ കളക്ടർ,
പാലക്കാട്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണ കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ച് കൊണ്ടുള്ളതാണ്.)

ഭൂമി ഏറ്റെടുക്കൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 19/09/2015 ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതും പ്രസ്തുത ചട്ടത്തിലെ റൂൾ 10 പ്രകാരം സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി സാമൂഹ്യ പ്രത്യാഘാത യൂണിറ്റിനെ നിയമിക്കേണ്ടതുണ്ട്. കണ്ണംകണ്ട് കൊടിയംകുന്ന് പാതയിൽ കണ്ണംകണ്ട് കടവ് പാലത്തിന്റെ നിർമ്മാണത്തിനായി പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ അലനല്ലൂർ 2, അലനല്ലൂർ 3 വില്ലേജുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിന് അർത്ഥനാപത്രം ലഭിച്ചിട്ടുണ്ട്.

മേൽ ആവശ്യം കൈവരിക്കുവാൻ ഉദ്ദേശിച്ചാണ് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.09.14 02:52:23 +05:30